**LBS CENTRE FOR SCIENCE AND TECHNOLOGY**
**(A Government of Kerala Undertaking)**
**Nandavanam, Palayam, Thiruvananthapuram - 695 033, Kerala.**
**Phone: 0471 - 2324396, 2324148**
**Fax: 0471 - 2337055; Email: lbs@vsnl.com**

*നമ്പർ.ബി 3/5129/2009* *തീയതി : 10/01/2018*

# <u>ക്വട്ടേഷൻ/ലേലനോട്ടീസ്</u>

എൽ. ബി. എസ്സ്. സെന്ററിന്റെ ഹെഡ് ഓഫീസിലും റീജിയണൽ യൂണിറ്റുകൾ, സബ് സെന്ററുകൾ എന്നിവിടങ്ങളിൽ ഉപയോഗ ശൂന്യമായ ബാറ്ററികൾ പരസ്യ ലേലത്തിലൂടെ വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിനു പുറമേ മുദ്രവച്ച ക്വട്ടേഷനുകളും ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം എന്ന വിലാസം എഴുതി 30/01/2018 തീയതി പകൽ 1 മണിക്ക് മുൻപായി എൽ. ബി. എസ് ഹെഡ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. തുടർന്ന് അന്നേ ദിവസം തന്നെ 3.00 ന് പരസ്യമായി ലേലവും നടത്തുന്നതാണ്. ലേലം കഴിഞ്ഞ ഉടനെ തന്നെ ലഭിച്ച ക്വട്ടേഷനുകൾ തുറന്നു നോക്കുന്നതും തുടർന്ന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ ഉൾപ്പെട്ടിട്ടുള്ള ബാറ്ററികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Sl. No | Location | Amp. Rating (AH) | | | | | Total |
|---|---|---|---|---|---|---|---|
| | | 40 | 60 | 66 | 80 | 100 | |
| 1 | Thituvananthapuram | 32 | 20 | 22 | --- | 28 | 102 |
| 2 | Nilamel Sub Centre | --- | --- | ---- | --- | 6 | 6 |
| 3 | Anchalumoodu Sub Centre | --- | --- | ---- | --- | 6 | 6 |
| 4 | Kalamassery Regional Unit | --- | 10 | --- | --- | ---- | 10 |
| 5 | Thrissur Regional Unit | 6 | --- | --- | ---- | --- | 6 |
| 6 | Kunnamkulam Sub Centre | --- | --- | 6 | ---- | --- | 6 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | Guruvayoor Sub Centre | --- | --- | 6 | ---- | --- | 6 |
| 8 | Palakkad Sub Centre | --- | --- | ---- | --- | 6 | 6 |
| 9 | Kozhikode Regional unit | --- | --- | ---- | 8 | 21 | 29 |
| 10 | Nadapuram Sub Centre | --- | --- | 6 | ---- | --- | 6 |
| 11 | Manjeri | --- | --- | 6 | ---- | --- | 6 |
| 12 | Kannur Regional Unit | --- | 8 | --- | --- | ---- | 8 |
| 13 | Koothuparamba Sub Centre | --- | --- | 10 | ---- | --- | 10 |
| 14 | Payyannur Sub Centre | --- | --- | 10 | ---- | --- | 10 |
| 15 | Kanhangad Sub Centre | --- | --- | 10 | ---- | --- | 10 |
| 16 | Kasaragod Sub centre | --- | --- | 7 | ---- | --- | 7 |
| 17 | Wayanad Sub Centre | --- | 6 | --- | --- | ---- | 6 |
| 18 | Adoor Sub Centre | --- | --- | ---- | --- | 12 | 12 |
| **Total** | | **38** | **44** | **83** | **8** | **79** | **252** |

DIRECTOR

*<u>നിബന്ധനകൾ</u>*

1. *ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ള വ്യക്തികൾ ക്വട്ടേഷൻ ആലേഖനം ചെയ്ത കവർ ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം തിരുവനന്തപുരം-33 എന്ന മേൽ വിലാസം എഴുതി ജനുവരി മാസം 30-ാം തീയതി പകൽ 1 മണിക്ക് മുൻപായി എൽ. ബി. എസ്. സെന്റർ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.*
2. *ബാറ്ററികൾ എൽ. ബി. എസ്. സെന്ററിന്റെ ഹെഡ് ഓഫീസിലും മറ്റ് സെന്ററുകളിലും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മണി മുതൽ വൈകുന്നേരം 4.30 മണിവരെയുള്ള സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.*
3. *നിരതദ്രവ്യതുകയായ 5000/- രൂപ (അയ്യായിരം രൂപ) ഡയറക്ടർ എൽ. ബി. എസ്. സെന്ററിന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്..*
4. *ക്വട്ടേഷൻ സമർപ്പിച്ചവർ ജനുവരിമാസം 30-ാം തീയതി പകൽ 3 മണിക്ക് എൽ. ബി. എസ്. സെന്ററിന്റെ ഹെഡ് ഓഫീസിൽ വച്ചു നടത്തുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.*
5. *ക്വട്ടേഷനുകൾ ലേലനടപടി ക്രമങ്ങളുടെ അവസാനം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.*
6. *മേൽ പറഞ്ഞ പ്രകാരം നിരത ദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.*
7. *ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ, ലേലത്തിനു മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം ഡയറക്ടററുടെ അനുമതിയ്ക്കു വിധേയമായി ഉറപ്പിക്കുന്നതാണ്.*

.. മറുപുറം...

8. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50% ഉടൻ തന്നെ സെന്ററിൽ അടയ്ക്കേണ്ടതും രസീതു കൈപ്പറ്റേണ്ടതുമാണ്. ലേലംവഴിയോ, ക്വട്ടേഷൻ വഴിയോ ഏറ്റവും കൂടിയതുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടച്ചശേഷം സാധനങ്ങൾ സ്വന്തം ചെലവിൽ ഇപ്പോൾ അവ സൂക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

9. ഇത്തരത്തിൽ ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ സെന്ററിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്നും വസൂലാക്കുന്നതാണ്.

10. എൽ. ബി. എസ്. സെന്റർ/കോളേജ് എന്നിവിടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്കുചേരുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും കരുതിയിരിക്കേണ്ടതാണ്.

11. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് കാരണമാകും..

12. ലേല നടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവയ്ക്കുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ